**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3441** **26-06-2024 - ല്‍ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിര്‍മ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ് | | ശ്രീ. കെ. രാജന്‍<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിര്‍മ്മാണത്തിനായി മുല്ലൂര്‍ അംബുജ വിലാസത്തില്‍ എ. തങ്കത്തിന്റെ 28 സ്ക്വയര്‍ മീറ്റര്‍ സ്ഥലം (വിഴിഞ്ഞം വില്ലേജില്‍ ബോക്ക് 14 ല്‍ സര്‍വേ നമ്പര്‍ 647/9) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് അവര്‍ നല്‍കിയ പരാതിയിന്മേല്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിര്‍മ്മാണത്തിനായുള്ള പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് മുല്ലൂര്‍ അംബുജ വിലാസത്തില്‍ ശ്രീമതി.എ.തങ്കം എന്നവരുടെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം വില്ലേജില്‍ ബ്ലോക്ക് നം.14-ല്‍ സര്‍വ്വെ നം.647/9-ല്‍ ഉള്‍പ്പെട്ട 0.0028 ഹെക്ടര്‍ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. |
| (ബി) | പ്രസ്തുത ഭൂമിക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക ലഭിക്കുന്നതിനായി എ. തങ്കം നവകേരള സദസ്സില്‍ നല്‍കിയ ടി.വി.എം. 1320765 നമ്പര്‍ പരാതിയിന്മേല്‍ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഭൂമി ബി.വി.ആര്‍ പ്രകാരം "സി" കാറ്റഗറിയിലാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം സെന്റൊന്നിന് 3,79,562/- രൂപാ നിരക്കില്‍ 0.0028 ഹെക്ടറിന് 5,25,221/- രൂപയുടെ വിശദവില വിവര പത്രികയാണ് അംഗീകരിച്ചിട്ടുള്ളത്. അവാര്‍ഡ് പാസാക്കുന്ന തീയതി വരെയുള്ള (30.06.2024 വരെ) 12% വര്‍ദ്ധനവ് ഉള്‍പ്പെടെ ഏകദേശം 6,52,221/- രൂപ കക്ഷിയ്ക്ക് ലഭിക്കുന്നതാണ്.<br><br>നവകേരള സദസ്സില്‍ ലഭിച്ച TVM 1320765-ാം നമ്പര്‍ പരാതി പരിശോധിച്ചതില്‍ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ തുണ്ടത്തില്‍-ചേങ്കോട്ടുകോണം റോഡ് വീതി കൂട്ടുന്നത് സംബന്ധിച്ച് ശ്രീ.പി.കെ വിനുകുമാര്‍ മുതല്‍പേര്‍ സമര്‍പ്പിച്ച പരാതി ആകുന്നു. ആയത് ശ്രീമതി.എ.തങ്കം സമര്‍പ്പിച്ചിട്ടുള്ളതല്ല. |
| (സി) | പ്രസ്തുത സ്ഥലത്തിന്റെ വില എന്നത്തേക്ക് അവര്‍ക്ക് കൈമാറാന്‍ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | ടി പദ്ധതിയുടെ ഫണ്ട് അര്‍ത്ഥനാധികാരിയായ VISL ല്‍ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമായാലുടന്‍ അവാര്‍ഡ് പാസ്സാക്കി തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍